TB Movie Panel Weekly Review

**#moviepanel**

# സോളമന്റെ തേനീച്ചകൾ

എഴുതിയത് : sajan Ramanandan

മാസ്സും ക്ലാസ്സും ഉള്ള സിനിമകൾ ചെയ്ത് മലയാള സിനിമയിൽ തന്റേതായ ഇടം അടയാളപ്പെടുത്തിയ സംവിധായകൻ ആണ് ലാൽജോസ്. 2015 ന് ശേഷം ചെയ്ത സിനിമകൾ വലിയ മെച്ചമില്ലാതെ വന്നതിനെ തുടർന്ന് ക്യരിയറിലെ low phase ലൂടെ കടന്നു പോകുകയാണ് അദ്ദേഹം. അദ്ദേഹം ജഡ്ജ് ആയിരുന്ന ടീവി റിയാലിറ്റി ഷോയിലെ വിജയികളെ (നായികാ നായകൻ) പ്രധാന കഥാപാത്രങ്ങളാക്കി അദ്ദേഹം സംവിധാനം ചെയ്ത സിനിമയാണ് സോളമന്റെ തേനീച്ചകൾ. സൗഹൃദം, പ്രണയം, പാട്ട് എല്ലാം ചേർത്ത് തുടങ്ങി ഒരു ത്രില്ലർ മൂഡിലേയ്ക്ക് പതിയെ മാറുന്ന സിനിമ. ഒമ്പത് വർഷങ്ങൾക്ക് ശേഷം ഹിറ്റ് കോമ്പോ ആയ ലാൽ ജോസ് - വിദ്യാസാഗർ ദ്വയം ഒന്നിക്കുന്നു എന്നതും പ്രത്യേകം എടുത്തു പറയണമല്ലോ. പഞ്ചാരയ്ക്കോ എന്ന ഗാനം വയലാർ ശരത്ചന്ദ്ര വർമ്മ എഴുതിയപ്പോൾ ആനന്ദമോ, വിരൽ തൊടാതെ, വാനം പറപറ എന്നീ പാട്ടുകൾ വിനായക് ശശികുമാർ ആണ് രചിച്ചത്. പ്രഗീഷ് തിരക്കഥ ഒരുക്കിയ ചിത്രത്തിന്റെ ക്യാമറ അജ്മൽ സാബു, എഡിറ്റ് രഞ്ജൻ എബ്രഹാം.

സോളമൻ ആയി ജോജു ജോർജ് മികച്ചു നിന്നു. നായികയായ സുജയായി ദർശന മോശമല്ലാത്ത പ്രകടനം കാഴ്ച വച്ചു. കൂട്ടുകാരിയായ ഗ്ളൈന ആയി വിൻസിയും നന്നായി. മറ്റ് പുതുമുഖങ്ങൾ (ശംഭു, ആഡിസ് അക്കര) കാഴ്ചയിൽ മോശമല്ലെങ്കിലും മോശം ഡയലോഗ് ഡെലിവറിയും കാര്യമായ റേഞ്ച് ഇല്ലാത്ത അഭിനയവും കൊണ്ട് നിരാശപ്പെടുത്തി. ഒരു ആക്ടിംഗ് റിയാലിറ്റി ഷോയിൽ നിന്നും സംവിധായകൻ ഉൾപ്പെട്ട പാനൽ വിജയികളായി തിരഞ്ഞെടുത്തവരാണിവർ എന്നതാലോചിക്കുമ്പോളാണ് ആ നിരാശയുടെ impact കൂടുന്നത്.

ജോണി ആന്റണി, ഷാജു, മണികണ്ഠൻ ആചാരി, ബിനു പപ്പു, സുനിൽ സുഖദ സപ്പോർട്ടിങ് റോളിൽ. ആദ്യമായാണ് ജോണി ആന്റണി കാസ്റ്റിൽ ഉണ്ടായിട്ടും കാര്യമായി ഒന്നും ചെയ്യാനില്ലാതെ (sidelined ആയി) പോയതായി തോന്നിയത്. അജ്മൽ സാബുവിന്റെ വിഷ്വൽസ് മികച്ചു നിന്നു. ഏതാനും ട്വിസ്റ്റുകൾ ഒളിപ്പിച്ച പ്രഗീഷിന്റെ തിരക്കഥയും രണ്ടേകാൽ മണിക്കൂർ ഉള്ള സിനിമയെ മടുപ്പിക്കാതെ കൊണ്ട് പോകാൻ സഹായിക്കുന്നു.

അടുത്തയിടെ ലാൽ ജോസ് ചെയ്ത സിനിമകളുമായി താരതമ്യം ചെയ്താൽ

മോശമല്ലാത്ത ഒരു സിനിമയായി അവസാനിക്കുന്നുണ്ട് സോളമൻറെ തേനീച്ചകൾ. പക്ഷേ ഒരു സീനിയർ സംവിധായകൻ ആയ, മികച്ച സിനിമകളൊരുക്കിയ ഒരു സംവിധായകന്റെ സിനിമ, അദ്ദേഹത്തിന്റെ മോശം സിനിമകളുമായി താരതമ്യപ്പെടുത്തി മോശമല്ലെന്ന് പറയേണ്ടി വരുന്നത് എത്രത്തോളം ആശാസ്യമാണെന്നത് ചിന്തിക്കേണ്ടതുണ്ട്. മോശം സിനിമകളിൽ പോലും മികച്ച ഗാനചിത്രീകരണം ഒരുക്കാൻ ലാൽ ജോസിന് സാധിച്ചിരുന്നു. ഇത്തവണ പഞ്ചാരയ്ക്കോ എന്ന ഗാനം നല്ല രീതിയിൽ വന്നിട്ടുണ്ട്. ബാക്കിയുള്ള പാട്ടുകൾ മോശം placement ആയി വ്യക്തിപരമായി അനുഭവപ്പെട്ടു. ഒരു പാട്ടിന്റെ ഇടയ്ക്ക് ഡയലോഗ് വന്ന ശേഷം വീണ്ടും തുടരുമ്പോൾ വീട്ടുകാർ രണ്ട് മിനിറ്റ് മുമ്പല്ലേ ഒരു പാട്ട് തീർന്നേ എന്ന് ചോദിക്കുന്നുണ്ടായിരുന്നു. മനസ്സിൽ കുടിയേറുന്ന ഒരു സിനിമയും, കണ്ടാലും കേട്ടാലും മടുക്കാത്ത പാട്ടുകളുമായി ലാൽ ജോസ് ഫോമിലേയ്ക്ക് തിരിച്ചെത്താൻ ആശംസിച്ചു കൊണ്ട് നിർത്തുന്നു.

സിനിമ മനോരമ മാക്സിൽ ലഭ്യമാണ്.